# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *611 – 28.10.2011 ൽ മറുപടിക്ക്**

**സ്വയം സംരംഭക മിഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. കെ.എം. മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

| | | |
|---|---|---|
| (എ) | തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്ന സ്വയം സംരംഭക മിഷൻ രൂപീകരിച്ചിട്ടുണ്ടോ? എങ്കിൽ ഈ മിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | കേരളത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ബൃഹത്തായ തൊഴിൽദാന പരിപാടിയായ കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ രൂപീകരിക്കുമെന്ന് 2011-12ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഈ മിഷന്റെ രൂപീകരണത്തിനാവശ്യമായ പ്രാഥമിക നടപടികൾ സ്വീകരിച്ചുവരികയാണ്. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി.<br><br>കേരളത്തിൽ തൊഴിലില്ലായ്മ പ്രശ്നം ഏറ്റവും രൂക്ഷമാണ്. ഇന്ത്യയിലെ തൊഴിലില്ലാത്തവരിൽ 10 ശതമാനം പേർ കേരളത്തിലാണെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരാണ് ഇതിൽ ഏറ്റവും കൂടുതൽ. ഇവരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കുകയാണ് ഈ മിഷന്റെ പ്രവർത്തന ലക്ഷ്യം. |
| (ബി) | പ്രതിവർഷം എത്ര പേർക്ക് തൊഴിൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | പ്രതിവർഷം ഉദ്ദേശം പതിനായിരം സംരംഭകർക്ക് പുറമേ, ഒരു യൂണിറ്റിൽ കുറഞ്ഞത് അഞ്ചുപേർ എന്ന കണക്കിൽ പതിനായിരം ജോലിക്കാർക്കും ഉൾപ്പെടെ ഇരുപതിനായിരം പേർക്ക് തൊഴിൽ നൽകാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |

| | | |
|---|---|---|
| (സി) | സ്വയം തൊഴിൽ സംരംഭകർക്ക് ആവശ്യമായ ധനസഹായം എങ്ങനെയാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ? | ഈ പദ്ധതി പ്രകാരം രൂപീകരിക്കപ്പെടുന്ന വ്യാവസായിക യൂണിറ്റുകൾക്ക്, പ്രോജക്ട് കോസ്റ്റിൻെറ 90% തുക പലിശ രഹിത വായ്പയായി നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇങ്ങനെ വ്യാവസായിക സംഘങ്ങൾക്ക് പരമാവധി 20 ലക്ഷം രൂപ വരെയാണ് വായ്പയായി നൽകാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ പൂർണ്ണമായ രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്നും പദ്ധതിക്കുള്ള സഹായം ലഭ്യമാക്കുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. |
| (ഡി) | ഇതിനായി ബഡ്ജറ്റിൽ എത്ര തുക വക കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്ത മാക്കുമോ? | ഈ പദ്ധതിയിലെ പലിശ സബ്സിഡി ചെലവിലേക്ക് ഈ വർഷത്തേക്ക് 25 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രാരംഭഘട്ടത്തിലാണ്. |

**അക്കൗണ്ട്സ് ഓഫീസർ**